(ഡി) ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ള പ്രസ്തുത വനംകൊള്ളയ്ക്കും മരം മുറിക്കലിനും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ വനംവകുപ്പ് വിഭാഗം തുടങ്ങിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(എഫ്)പ്രസ്തുത വനംകൊള്ളയെ സംബന്ധിച്ച് നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) വയനാട് ജില്ലയിലെ നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിൽ ബ്രഹ്മഗിരി എസ്റ്റേറ്റിനോട് ചേർന്നുകിടക്കുന്ന വനഭൂമിയിൽ കയ്യേറ്റം നടന്നതായും മരംമുറി നടന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)-(ഇ) ഈ വനം കയ്യേറ്റവും മരംമുറിയുമായി ബന്ധപ്പെട്ട് വിജിലൻസ് ചീഫ് കൺസർവേറ്ററുടെ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും റീസർവേ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ അന്വേഷണത്തിൽ കൃത്യവിലോപം കാണിച്ചതായി തെളിയുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ ശിക്ഷണനടപടി സ്വീകരിക്കുന്നതാണ്.

(എഫ്)തൽക്കാലം ഉദ്ദേശിക്കുന്നില്ല.

10 (*344) സിറ്റി സർവീസുകളിൽ രണ്ടു കണ്ടക്ടറെ നിയോഗിക്കാൻ നടപടി

ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എ.കെ. മണി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന സിറ്റി സർവ്വീസുകൾ ലാഭത്തിലാണോ നടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സിറ്റി സർവ്വീസ് ബസുകൾക്ക് രണ്ട് ഡോറും ഒരു കണ്ടക്ടറുമായതിനാൽ വളരെയധികം ആളുകൾ ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നതായി ഗവണ്മെന്റിനറിവുണ്ടോ; എങ്കിൽ ഇത്തരത്തിലെ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) സിറ്റിയിൽ ഓടുന്ന പ്രൈവറ്റ് ബസുകൾ രണ്ടു കണ്ടക്ടർ വച്ച് വിജയകരമായി സർവ്വീസ് നടത്തുകയും ലാഭമുണ്ടാക്കുകയും ചെയ്യുന്നതായി അറിവുണ്ടോ;

(ഡി) തിരക്കുള്ള സിറ്റി ബസുകളിൽ ഒരു കണ്ടക്ടർ ടിക്കറ്റ് നൽകേണ്ടിവരുന്നതുകൊണ്ടുള്ള സമയ നഷ്ടംമൂലം ട്രിപ്പ് ക്യാൻസൽ ചെയ്യേണ്ടിവരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇക്കാര്യങ്ങൾ പരിഗണിച്ച് തിരക്കുള്ള റൂട്ടിലെ സിറ്റി സർവ്വീസ് ബസുകളിലെങ്കിലും രണ്ടു കണ്ടക്ടറെ പരീക്ഷണാടിസ്ഥാനത്തിൽ നിയോഗിക്കാൻ നിർദ്ദേശം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) എല്ലാ സർവ്വീസുകളും ലാഭത്തിലല്ല ഓപ്പറേറ്റ് ചെയ്യപ്പെടുന്നത്.

(ബി) അറിവുണ്ട്. നഷ്ടം കണക്കാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) ടിക്കറ്റ് നൽകേണ്ടി വരുന്നതുകൊണ്ടുള്ള സമയ നഷ്ടംമൂലം ട്രിപ്പ് ക്യാൻസൽ ചെയ്യേണ്ടിവരുന്നില്ല.

(ഇ) കോർപ്പറേഷന്റെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

11 (*345) റിസർവ് വനങ്ങളുടെ സംരക്ഷണം

ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിസർവ് വനങ്ങൾക്കുള്ളിൽ പൊതുജനങ്ങൾക്ക് അനുമതി കൂടാതെ പ്രവേശനം നൽകുന്നുണ്ടോ;

(ബി) വനങ്ങൾക്കുള്ളിൽ സാഹസികയാത്ര ചെയ്യുവാൻ ഉദ്ദേശിക്കുന്ന സംഘങ്ങൾക്ക് പ്രവേശനാനുമതി നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) വനങ്ങൾക്കുള്ളിൽ അനധികൃതമായി പ്രവേശിച്ച് വന്യമൃഗങ്ങളെ വേട്ടയാടുകയും വിലപിടിപ്പുള്ള മരങ്ങൾ കടത്തുകയും ചെയ്യുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനത്തിനുള്ളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച എത്ര കേസുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) വേനൽ കാലങ്ങളിൽ ഫയർലൈൻ കൃത്യമായി എത്തിക്കാത്തിനാൽ കാട്ടുതീ പടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഇല്ല.

(ബി) ഉണ്ട്. പ്രകൃതിപഠന ബോധവൽക്കരണ സംബന്ധമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നേച്ചർ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി അനുമതി നൽകുന്നുണ്ട്. ഇത്തരം അനുമതി വന നിയമം, വന്യജീവി

LIBRARY ARCHIVES Kerala Legislative Assembly